(ബി) നൂറുരൂപ മുഖവിലയുള്ള 80560 ഷെയറുകളാണ് വിറ്റത്. ഷെയർ വിറ്റത് കമ്പനിയുടെ പ്രൊമോട്ടർമാർക്കാണ്. വിൽക്കുന്നതിനുമുൻപ് വിലപേശിയാണ് വില ഉറപ്പിച്ചത്. അതുപ്രകാരം സാമ്പത്തിക പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ബോംബെ, കൽക്കട്ട എന്നീ സ്റ്റോക്ക് എക്സ്ചേഞ്ചുകളിലെ വിലകളെയും കൂടി ആശ്രയിച്ചാണ് വില നിശ്ചയിച്ചത്. നിലവിലുണ്ടായിരുന്ന മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഷെയറുകൾ വില്പന നടത്തിയ തുകൊണ്ട് കെ.എസ്.ഐ.ഡി.സി.ക്ക് 29,88,776 രൂപയുടെ നഷ്ടം ഉണ്ടായതായി വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഷെയർ വിറ്റുകിട്ടിയ തുക കെ.എസ്.ഐ.ഡി.സിയുടെ ദൈനംദിന ആവശ്യത്തിനുള്ള തുക കിഴിച്ച് ബാക്കി 8.92 കോടി രൂപ എച്ച്.ഡി.എഫ്.സി. യിലാണ് നിക്ഷേപിച്ചത്. എച്ച്.ഡി.എഫ്.സി. ഒരു സർക്കാർ സ്ഥാപനമല്ല.

(ഡി) 12.5 ശതമാനം.

(ഇ) ഇല്ല. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിൻമേൽ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

22 (578) കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ സ്ഥാനചലനം

ശ്രീ. ജോർജ്. ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. ജെയിംസ് ജോസഫിനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുകയുണ്ടായോ;

(ബി) എങ്കിൽ കാരണങ്ങൾ എന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി)കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനം ബാധിക്കത്തക്ക വിധത്തിൽ എം.ഡി.യും സഹപ്രവർത്തകരും തമ്മിൽ വളർന്നുവന്ന ചില അഭിപ്രായവ്യത്യാസങ്ങൾ തുടരുന്നത് ഗുണകരമല്ല എന്നു ബോദ്ധ്യമായതിനാൽ ശ്രീ.ജയിംസ് ജോസഫിനെ എം.ഡി. സ്ഥാനത്തുനിന്നും നീക്കി.

23 (579) ഇന്റർനാഷണൽ അപ്പാരൽ പാർക്ക്

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ മേൽനോട്ടത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്നത്തേയ്ക്കാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അപ്പാരൽ പാർക്കിന് ആവശ്യമായ പ്രവർത്തന ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദേശനാണ്യങ്ങളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചു കഴിഞ്ഞാൽ സംസ്ഥാനത്ത് എത്ര വനിതകൾക്ക് തൊഴിൽ നൽകാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വസ്ത്ര നിർമ്മാണത്തിൽ വനിതകൾക്ക് ആധുനിക പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തുമ്പ, മേനംകുളത്തുള്ള കിൻഫ്ര അപ്പാരൽ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഒരു ഏക്കർ വീതം വിസ്തീർണ്ണമുള്ള 31 പ്ലോട്ടുകളുടെയും റെഡിമെയിഡ് വ്യവസായം ആരംഭിക്കുന്നതിന് വേണ്ടിയുള്ള 3 സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) വ്യവസായികൾക്ക് റെഡിമെയ്ഡ് വ്യവസായം തുടങ്ങുന്നതിന് വേണ്ടി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെയും ഇൻഡസ്ട്രിയൽ പ്ലോട്ടുകളുടെയും അലോട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. ആദ്യ ഫാക്ടറിയിൽ 2000 ജനുവരിയോടെ ഉല്പാദനമാരംഭിക്കുമെന്ന് കണക്കാക്കുന്നു.

(സി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് 1572 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വ്യവസായങ്ങൾ തുടങ്ങുന്നതും അതിൽ നിക്ഷേപങ്ങൾ നടത്തുന്നതും സ്വകാര്യ വ്യവസായികൾ ആയിരിക്കും.

(ഡി) ഇല്ല

(ഇ) അപ്പാരൽ പാർക്കിലെ എല്ലാ പ്ലോട്ടുകളിലും വ്യവസായങ്ങൾ തുടങ്ങിക്കഴിഞ്ഞാൽ കുറഞ്ഞത് 10,000 വനിതകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു. പരോക്ഷമായും വളരെയധികം പേർക്ക് തൊഴിൽ ലഭ്യമാകും.

(എഫ്) വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനുള്ള ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

24 (580) വനിതാ വികസനകോർപ്പറേഷനിലെ മത്സ്യ സംസ്കരണ യൂണിറ്റ്

ശ്രീ. എളമരം കരിം :
ശ്രീ. സി.പി. ബാവൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly